**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഹെഡ് ക്ലർക്കുമാരെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനകയറ്റം നൽകി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം. 2430/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,17.07.2017

---

പരാമർശം:- 1. സ.ഉ.(കൈ) നം.89/2017/തസ്വഭവ തീയതി 28.04.2017

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.05.2017 ലെ എ 1/500/2015/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

മിനിസ്റ്റീരിയൽ തസ്തികകളിൽ സൂപ്പർവൈസറി തസ്തികകളുടെ അഭാവമുണ്ടായിരുന്ന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്, പരാമർശം(2)ലെ ഉത്തരവ് പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിനായി ജൂനിയർ സൂപ്രണ്ടിന്റെ നാലും ഹെഡ് ക്ലർക്കിന്റെ 22 ഉം അടക്കം മൊത്തം 31 പുതിയ സൂപ്പർവൈസറി തസ്തികകൾ അനുവദിച്ച് കേഡർ രൂപീകരിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച 22 ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സീനിയറായ ക്ലാർക്കുമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്നും എന്നാൽ നാല് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകാൻ സാങ്കേതികമായി കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും, ആയതിനാൽ പ്രസ്തുത തസ്തികയിലേക്ക് കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം, താൽക്കാലിക സ്ഥാനകയറ്റം നൽകുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർവൈസറി തസ്തികകളുടെ അഭാവം വ്യക്തമായ സാഹചര്യത്തിൽ പുതിയ തസ്തികകൾ അനുവദിച്ചെങ്കിലും ഈ തസ്തികകളിൽ യഥാസമയം നിയമനം നടത്താൻ കഴിയാത്തത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാക്കാനിടയുണ്ട് എന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ സീനിയർമോസ്റ്റായ നാല് ഹെഡ് ക്ലർക്കുമാർക്ക്, താൽക്കാലിക പ്രൊമോഷൻ നടത്തുന്നതിനുള്ള വിലക്കിൽ ഇളവുവരുത്തി, ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി മുതലേ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിൽ

റെഗുലറൈസേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ കെ.എസ്& എസ്.എസ്.ആർ, ഭാഗം II, ചട്ടം 31(a)(i) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനകയറ്റം നൽകി നിയമിക്കുന്നതിന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(16.06.2017 ലെ Adv-B2/115/2017/P&ARD പ്രകാരം)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ